"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - കവടിയാർ - വഴയില റോഡ് വികസനം - എൽ.എ.ആർ.299/2009 മേലുള്ള ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1046/2024/LSGD തീയതി,തിരുവനന്തപുരം, 13-06-2024

---

പരാമർശം:-
1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 30.11.2015 തീയതിയിലെ എൽ.എ.ആർ 299/09-മേലുള്ള വിധിന്യായം.
2. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/03/2019
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 26.03.2019 തീയതിയിലെ കെ15 ഇ-180103/19 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 28.10.2023, 28.11.2023 തീയതികളിലെ എ3/778/2019/ട്രിഡ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - വഴയില റോഡ് വികസനത്തിനായി പേരൂർക്കട വില്ലേജിൽ ശ്രീമതി സുപ്രിയയുടെ ഉടമസ്ഥതയിലുണ്ടായിരുന്നതും Re.Sy No.13, 164/199, 208 ൽപ്പെട്ടതുമായ 0.10 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 299/2009 നമ്പർ കേസിൽ, എൽ.എ.ഒ-യുടെ കണക്കുവിവരപ്പട്ടിക പ്രകാരമുള്ള ബാലൻസ് വിധിക്കടത്തുകയായ 16211/- രൂപ കക്ഷിക്ക് അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - വഴയില റോഡ് വികസനത്തിനായി പേരൂർക്കട വില്ലേജിൽ ശ്രീമതി സുപ്രിയയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.10 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 299/2009 നമ്പർ കേസിൽ ബഹു. തിരുവനന്തപുരം സബ് കോടതിയുടെ പരാമർശം (1)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ ബാലൻസ് വിധിക്കടത്തുകയായ 16211/- രൂപ (പതിനാറായിരത്തി ഇരുന്നൂറ്റി പതിനൊന്ന് രൂപ മാത്രം) ശ്രീമതി. സുപ്രിയയ്ക്ക്(T.C35/599, രാഗം ടെക്സ്റ്റൈൽസ്, പേരൂർക്കട, തിരുവനന്തപുരം) "4217-60-800-93-Payment of compensation in LAR cases" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറകർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കടപ്പനക്കുന്ന്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക് (വെബ്&ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date:14-06-2024 10:47:21